റോഡുകൾക്ക് അനുവദിക്കുന്ന തുക

83 (866)ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫ്. 4-ൽ ഉൾപ്പെട്ട എത്ര റോഡുകളാണ് സംസ്ഥാനത്ത് അനുവദിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തികൾ എന്നത്തേക്കാണ് പൂർത്തിയാക്കേണ്ടത് എന്ന് വ്യക്തമാക്കുമോ;

(സി) റോഡുകൾക്ക് ഇതിനനുവദിക്കുന്ന തുക അപര്യാപ്തമാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)നബാർഡിന്റെ 'റിഡ്ഫ്' പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിൻകീഴിൽ വരുന്ന റോഡുകളൊന്നും തന്നെ ധനസഹായത്തിന് തെരഞ്ഞെടുത്തിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഇതു സംബന്ധിച്ച തീരുമാനമൊന്നുമെടുത്തിട്ടില്ല.

കുമളി-മൂന്നാർ റോഡ്

84 (867)ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ തേക്കടിയെയും മൂന്നാറിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കുമളി-മൂന്നാർ റോഡ് അഭിവൃദ്ധിപ്പെടുത്തുവാൻ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;

(ബി) എങ്കിൽ അവയുടെ വിശദാംശങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)മൂന്നാർ-കുമളി റോഡ് അഭിവൃദ്ധിപ്പെടുത്താനായി ഇപ്പോൾ പ്രത്യേകിച്ച് പ്രൊപ്പോസലുകളൊന്നും ഇല്ല. എന്നാൽ കുമളി മുതൽ തേക്കടി വരെ 4.20 കി.മീ. ഭാഗം അഭിവൃദ്ധിപ്പെടുത്തുന്നതിന് 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ സാമ്പത്തികവർഷത്തിൽ 4 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രത്യേകാനുമതി നൽകി അനന്തര നടപടികൾക്കുശേഷം പണി ടെണ്ടർ ചെയ്യുന്നതാണ്. കുമളി-മൂന്നാർ റോഡിന്റെ നിലമെച്ചപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly